**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165 — 14.08.2017 ൽ മറുപടിക്ക്

## മലബാർ മേഖലയിൽ ആരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലബാർ മേഖലയിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി ആരോഗ്യ രംഗത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) & (ബി) & (സി) | മലബാർ മേഖലയിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്കുപുറമേ നവകേരള മിഷനിൽപ്പെട്ട ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതോടെ അടിസ്ഥാന സൗകര്യങ്ങൾ ആനുപാതികമായി വർദ്ധിക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തി ടി സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ മലബാർ മേഖലയിൽ നിന്നുള്ള 52 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കി ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള സ്റ്റാൻഡൈസേഷൻ പ്രൊപ്പോസലിൽ മലബാർ മേഖലയിൽ നിന്നുള്ള സാമൂഹ്യആരോഗ്യകേന്ദ്രങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ മലബാർ മേഖലയിലെ 29 ആശുപത്രികൾ ഉൾപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിലും മലബാർ |
| (ബി) | ഈ പ്രദേശത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ക്യൻസർ സെന്ററിലും സമഗ്ര വികസനം നടപ്പാക്കുന്നതിനു വേണ്ടി കിഫ്ബിയിൽ നിന്നും തുക അനുവദിക്കുകയും അതിന്റെ നിർമ്മാണ ചുമതല ' BSNL' എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാസറഗോഡ്, വയനാട് എന്നീ ജില്ലകളിൽ ഓരോ പുതിയ മെഡിക്കൽ കോളേജുകൾ വീതം ആരംഭിക്കുന്നതാണ്. എം.എൽ.എ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ മുഖേനയും ആവശ്യമായ അടിസ്ഥാന സൗകര്യവികസനങ്ങൾ ടി. മേഖലയിലെ വിവിധസ്ഥാപനങ്ങളിൽ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ